പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5045 — 04.07.2012 ൽ മറുപടിക്ക്

## പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ പാർക്കിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്ക് മുമ്പിൽ നിരത്തിയിടുന്നത് മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം വാഹനങ്ങൾ നശിക്കുന്നത് മൂലം വൻനഷ്ടമുണ്ടാകുന്നത് കണക്കിലെടുത്ത് വസ്തുവിന്റെയോ പണത്തിന്റെയോ ജാമ്യത്തിന്മേൽ വാഹനങ്ങൾ കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) കേസിൽപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ കോടതി തീർപ്പ് കൽപ്പിച്ചാൽ മാത്രമെ ഉടമസ്ഥർക്ക് തിരികെ നൽകുവാനോ മറ്റ് നടപടികൾ സ്വീകരിക്കുവാനോ നിർവ്വാഹമുള്ളൂ. എന്നാൽ കേസിൽ ഉൾപ്പെടാത്തതും ഉടമസ്ഥരില്ലാത്തുമായ വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇത്തരം വാഹനങ്ങൾ സ്റ്റേഷനുകളോട് ചേർന്ന റോഡുകൾക്കരികിൽ കൂട്ടിയിടാതെ ജില്ലയിൽ ഒരിടത്ത് എന്ന രീതിയിൽ പാർക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ അധികകാലം സൂക്ഷിക്കേണ്ടതായ സാഹചര്യം ഉണ്ടാകുമ്പോൾ പ്രസ്തുത വാഹനങ്ങൾ എ.ആർ. ക്യാമ്പുകളിലേക്ക് നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ